ശൈഖ് മുഹമ്മദ് കാരകുന്ന്

# സമൂഹത്തിന്റെ വിധിയെഴുത്തും ചരിത്രത്തിന്റെ തിരുത്തും

**ആദം** നബിയുടെ ആൺമക്കളായ ഹാബീലിനും ഖാബീലിനുമിടയിൽ തർക്കമുണ്ടായി. പരിഹാരമായി വഴിപാട് നിശ്ചയിക്കപ്പെട്ടു. ആരുടെ വഴിപാടാണോ സ്വീകരിക്കപ്പെടുന്നത് അയാളുടെ ആഗ്രഹം അംഗീകരിക്കപ്പെടും. അപരൻ പിന്മാറണം. ഇരുവരും ഇതംഗീകരിച്ചു. വഴിപാട് നടന്നപ്പോൾ സ്വീകരിക്കപ്പെട്ടത് ഹാബീലിന്റേതാണ്. അതോടെ ഖാബീൽ കോപാന്ധനായി. അയാൾ അലറി: 'നിന്നെ ഞാൻ കൊല്ലും.' ഹാബീൽ ശാന്തസ്വരത്തിൽ പറഞ്ഞു: 'എന്നെ കൊല്ലാൻ നീ എന്റെ നേരെ കൈ നീട്ടിയാലും നിന്നെ കൊല്ലാൻ ഞാൻ നിന്റെ നേരെ കൈനീട്ടുകയില്ല. തീർച്ചയായും ഞാൻ പ്രപഞ്ചനാഥനായ അല്ലാഹുവെ ഭയപ്പെടുന്നു' (ഖുർആൻ: 5:28).

ഖാബീൽ കല്ലെടുത്ത് ഹാബീലിനെ കുത്തിക്കൊന്നു. ഭൂമിയിൽ ആദ്യമായി മനുഷ്യന്റെ ചോരചിന്തി. സത്യാസത്യ സംഘട്ടനത്തിന്റെ തുടക്കം. അതിന്നും അവിരാമം തുടരുന്നു. പ്രത്യക്ഷവിജയം പലപ്പോഴും അധർമത്തിനും അനീതിക്കുമായിരിക്കും. പരാജയം പുണ്യപുരുഷന്മാർക്കും. അധികാരം അഹങ്കാരികളായ അക്രമികൾക്ക്. സച്ചരിതർക്കോ ആട്ടും തൊഴിയും. പേരും പദവിയും പൊങ്ങച്ചക്കാർക്ക്. പരിശുദ്ധി പുലർത്തുന്നവർക്ക് പരിഹാസവും പീഡനവും. ഇതുതന്നെ അന്ത്യവിധിയെന്ന് അറിവില്ലാത്തവർ ധരിക്കുന്നു. കാലാന്തരങ്ങൾ കാണാൻ കഴിയാത്തവരാണവർ. എന്നാലിത് തീർത്തും താൽക്കാലികമാണെന്ന് ചരിത്രത്തിന്റെ ചുവരെഴുത്ത് പഠിച്ചവർ പറയുന്നു. ഭൂമിയിൽ പോലും അതങ്ങനെയാണ്. സമകാലീന സമൂഹത്തിലെ സമാദരണീയർ പിൻഗാമികൾക്കിടയിൽ പരമനിന്ദ്യരായി മാറുന്നു. അതിനാൽ സമകാലീന സമൂഹത്തിന്റെ വിധിതീർപ്പ് അന്തിമമോ ശാശ്വതമോ അല്ല. പലപ്പോഴും തൊട്ടടുത്ത തലമുറയിലേക്കു പോലും അതു തലനീട്ടുകയില്ല. മരണശേഷം മറുലോകവിജയമോ സജ്ജനങ്ങൾക്കു മാത്രവും.

ഇവിടെ വധിക്കപ്പെട്ടത് ഹാബീലാണ്. പക്ഷേ, 'മരിച്ചത്' കൊലയാളിയായ ഖാബീലാണ്. ഹാബീൽ ജനമനസ്സുകളിൽ നിത്യജീവൻ നേടി. വിശുദ്ധിയുടെയും വിനയത്തിന്റെയും വിട്ടുവീഴ്ചയുടെയും വിശ്വരൂപമായി വേദഗ്രന്ഥങ്ങളിൽ വാഴ്ത്തപ്പെട്ടു.

അറിയപ്പെടുന്ന സംഘസമൂഹത്തിലേക്ക് നിയോഗിതനായ പ്രഥമ പ്രവാചകനാണ് നൂഹ്(അ). ഏറ്റവും കൂടുതൽ കാലം സത്യപ്രബോധനം നിർവഹിച്ച ദൈവദൂതനാണ് അദ്ദേഹം. രാവും പകലും രഹസ്യമായും പരസ്യമായും ഉറക്കെയും പതുക്കെയുമെല്ലാം അദ്ദേഹം തന്റെ ജനതയെ നേർവഴിയിലേക്ക് ക്ഷണിച്ചു. എന്നിട്ടും വിരലിലെണ്ണാവുന്നവരേ അദ്ദേഹത്തെ അംഗീകരിച്ചുള്ളൂ. അവരാകട്ടെ പിന്നാക്കക്കാരും അധഃസ്ഥിതരും. ബാക്കിയുള്ളവരെല്ലാം എതിർ ചേരിയിലായിരുന്നു. അവർ ആ സമൂഹത്തിലെ പ്രമാണിമാരും പ്രധാനികളുമായിരുന്നു. അവർ നൂഹ് നബിയെയും കൂടെയുള്ളവരെയും പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. അതിനാൽ പ്രത്യക്ഷത്തിലും ഭൗതിക മാനദണ്ഡമനുസരിച്ചും വിജയം എതിരാളികൾക്കായിരുന്നു. എന്നാൽ ചരിത്രത്തിന്റെ വിധിയെഴുത്ത് തീർത്തും വ്യത്യസ്തമായിരുന്നു. സമകാലീനസമൂഹത്തിൽ അവഗണിക്കപ്പെട്ടിരുന്ന നൂഹ് നബിയും കൂടെയുള്ളവരും ആദരണീയരും അനശ്വരരുമായി മാറി. പണവും പദവിയുമുണ്ടായിരുന്ന പ്രമാണിമാർ പരമനിന്ദ്യരും അഭിശപ്തരുമായിത്തീരുകയും ചെയ്തു. ഇന്നും ലോകജനതയിലെ

പാതിയിലേറെ വരുന്ന ജൂത-ക്രൈസ്തവ-ഇസ്‌ലാമിക സമൂഹങ്ങൾ ആ ദൈവദൂതനെ അത്യധികം ആദരിക്കുന്നു. നൂറ്റിമുപ്പത് കോടി മുസ്‌ലിംകൾ നൂഹിന്റെ പേരു കേൾക്കുമ്പോൾ 'അദ്ദേഹത്തിന് രക്ഷയും സമാധാനവുമുണ്ടാകട്ടെ' (അലൈഹിസ്സലാം) എന്ന് പ്രാർഥിക്കുന്നു.

ഹൂദ്, സ്വാലിഹ്, ശുഐബ്, ലൂത്വ്(അ) പോലുള്ള പ്രവാചകന്മാരുടെ അവസ്ഥയും അതുതന്നെയായിരുന്നു. അംഗുലീപരിമിതരായ അനുയായികളെ മാത്രമേ അവർക്കൊക്കെയും ലഭിച്ചുള്ളൂ. അവരോ സമകാലിക സമൂഹത്തിലെ അധഃസ്ഥിതരും അവഗണിക്കപ്പെട്ടവരുമായിരുന്നു. എതിരാളികൾ പ്രധാനികളും പ്രമാണിമാരും. അതിനാൽ ഭൗതികമാനദണ്ഡമനുസരിച്ച് അവരുടെ അധ്വാനപരിശ്രമങ്ങൾ പരാജയമായിരുന്നു. എന്നാൽ കാലം അവർക്കനുകൂലമായാണ് വിധിയെഴുതിയത്. ചരിത്രം അവരോടു ചേർന്നുനിന്നു. അവരുടെ കാലം തൊട്ടിന്നോളം സുമനസ്സുകളൊക്കെയും മഹാന്മാരായ ആ ദൈവദൂതന്മാരെ അങ്ങേയറ്റം ആദരിച്ചു. അവർക്കായി നിരന്തരം പ്രാർഥിച്ചു. ലോകമെങ്ങുമുള്ള മുസ്‌ലിംകൾ ദിനേന അഞ്ചുനേരം സച്ചരിതരായ മുഴുവൻ ദൈവദാസന്മാർക്കു വേണ്ടി പ്രാർഥിക്കുമ്പോൾ ആ പ്രവാചകന്മാരും അവരുടെ അനുയായികളും അതിൽ കടന്നുവരുന്നു.

ഇബ്റാഹീം പ്രവാചകൻ ജൂത-ക്രൈസ്തവ-ഇസ്‌ലാമിക സമൂഹങ്ങളെ കൂട്ടിയിണക്കുന്ന കണ്ണിയാണ്. പ്രവാചകന്മാരുടെ കുലപതി. മുസ്‌ലിംകൾ ദിനേന നന്നെച്ചുരുങ്ങിയത് അഞ്ചു സമയമെങ്കിലും അദ്ദേഹത്തിന്റെ നാമം അനുസ്മരിക്കുന്നു. അദ്ദേഹത്തെ മാതൃകാപുരുഷനായി കണക്കാക്കുന്നു. ലോകാവസാനം വരെ അദ്ദേഹം മഹാനായി വാഴ്ത്തപ്പെടും. എന്നാൽ തന്റെ ജന്മനാട്ടിൽ ദീർഘകാലം സത്യപ്രബോധനം നടത്തിയിട്ടും പിന്തുണക്കാൻ ആരെയും അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. കൊടിയ പീഡനങ്ങൾക്കിരയായ ആ പ്രവാചകപുംഗവന് നാടുവിടേണ്ടിയും വന്നു. എതിർചേരിയിൽ നിലയുറപ്പിച്ചത് നംറൂദായിരുന്നു. നാട്ടിലെ ചോദ്യം ചെയ്യപ്പെടാത്ത ഭരണാധികാരി. അദ്ദേഹത്തിന്റെ ആഗ്രഹങ്ങളെല്ലാം നടപ്പാക്കപ്പെടുകയും ആജ്ഞകൾ അനുസരിക്കപ്പെടുകയും ചെയ്തു. രാജ്യത്തിന്റെയും ജനതയുടെയും മേൽ പരമാധികാരം അയാൾക്കായിരുന്നു. എന്നാൽ ചരിത്രത്തിൽ നംറൂദ് ക്രൂരനായ ഏകാധിപതിയും അക്രമിയായ ഭരണാധികാരിയുമായി ആക്ഷേപിക്കപ്പെടുകയും അഭിശംസിക്കപ്പെടുകയും ചെയ്യുന്നു.

മൂസാനബിയുടെയും ഫറവോന്റെയും അനുഭവവും ഇതിൽനിന്ന് ഒട്ടും ഭിന്നമല്ല. ഇപ്രകാരം തന്നെ ഈസാ നബി മാനവസമൂഹത്തിന്റെ സ്നേഹാദരവുകൾ ഏറ്റുവാങ്ങി നൂറ്റാണ്ടുകളിലൂടെ ജനകോടികളുടെ ഹൃദയത്തിൽ ജീവിക്കുമ്പോൾ എതിർചേരിയിൽ അണിചേർന്ന പുരോഹിതന്മാരും സീസർമാരും എന്നും എവിടെയും അഭിശംസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

മുഹമ്മദ് നബി(സ) തിരുമേനിക്കുശേഷമുള്ള ചരിത്രാനുഭവങ്ങൾ നൽകുന്ന സന്ദേശവും മറ്റൊന്നല്ല. പ്രവാചകന്റെ പേരക്കുട്ടി ഹുസൈൻ(റ) കർബലയിൽ ദിവസങ്ങളോളം ഉപരോധിക്കപ്പെടുകയും ദാഹജലം പോലും കിട്ടാതെ കഷ്ടപ്പെടുകയും ചെയ്തു. അവസാനം അതിക്രൂരമായി കൊലചെയ്യപ്പെട്ടു. അന്ന് അദ്ദേഹത്തെ അനുകൂലിക്കാൻ അധികമാരുമുണ്ടായിരുന്നില്ല. അധികാരവും ശക്തിയും ജനപിന്തുണയും മറുഭാഗത്തായിരുന്നു. പ്രവാചകനാൽ സ്ഥാപിതമായ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പിന്മുറക്കാർ പ്രവാചകന്റെ മടിയിൽകിടന്ന് വളർന്ന പ്രിയ പൗത്രനെ ദിവസങ്ങളോളം പീഡിപ്പിച്ചശേഷം കൊലപ്പെടുത്തിയപ്പോൾ പ്രതിഷേധിക്കാൻ പോലും സമൂഹം സന്നദ്ധമായിരുന്നില്ല. എന്നാൽ ചരിത്രത്തിൽ ആ ധീരരക്തസാക്ഷിയുടെ സ്ഥാനം എവിടെയെന്നും എതിരാളികളെ സംബന്ധിച്ച കാലത്തിന്റെ വിധിയെഴുത്ത് എന്തെന്നും വിവരണമാവശ്യമില്ലാത്ത വിധം സുവിദിതമാണ്.

അബൂഹനീഫ, മാലികുബ്നു അനസ്, ശാഫിഈ, അഹ്മദുബ്നു ഹമ്പൽ(റ) എന്നീ നാലു ഇമാമുമാരും കൊടിയ പീഡനങ്ങൾക്കും കടുത്ത ആക്ഷേപശകാരങ്ങൾക്കും രൂക്ഷമായ പരിഹാസങ്ങൾക്കും ഇരയായവരാണ്. ചരിത്രത്തിൽ അവർ ജനകോടികളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന കർമശാസ്ത്രസരണികളുടെ ഉപജ്ഞാതാക്കളായി അവരോധിക്കപ്പെട്ടപ്പോൾ അവരെ ദ്രോഹിച്ചവർ ആരുടെയും ആദരവോ പരിഗണനയോ ലഭിക്കാത്തവരായി മാറുകയാണുണ്ടായത്.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റ)യുടെയും അദ്ദേഹത്തെ ജയിലിലടച്ച ശത്രുക്കളുടെയും വിധിയും മറ്റൊന്നായിരുന്നില്ല. സത്യാസത്യ, ധർമാധർമ സംഘട്ടനത്തിൽ പങ്കാളികളായ ഇന്നോളമുള്ള മുഴുവൻ ആളുകളുടെയും ചരിത്രാനുഭവം ഒന്നുതന്നെ. സമകാലീന സമൂഹം പലപ്പോഴും തീരുമാനമെടുക്കുക ഭൗതികതാൽപര്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ്. അതിനാലവർ തിന്മയുടെ ശക്തികളെ പിന്തുണക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. പണവും പ്രതാപവും പദവിയും പ്രൗഢിയുമുള്ളവരോട് ചേർന്നുനിൽക്കുന്നു. അധികാരകേന്ദ്രങ്ങളുടെ മുമ്പിൽ പഞ്ചപുഛമടക്കി ഓച്ഛാനിച്ചു നിൽക്കുകയും അവിടങ്ങളിൽ അടയിരിക്കുന്നവരെ ആദരിച്ച് അവരുടെ ആജ്ഞാനുവർത്തികളായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു. എന്നാൽ ഏറെക്കഴിയും മുമ്പെ കാലം തെറ്റു തിരുത്തുന്നു. അതിനാൽ ചരിത്രം എന്നും എവിടെയും സത്യത്തിലും സന്മാർഗത്തിലും നിലയുറപ്പിച്ചവരോടൊപ്പമാണ്.

സച്ചരിതസമൂഹത്തിലെ പേരും പ്രശസ്തിയുമുള്ളവർ മാത്രമല്ല അനുസ്മരിക്കപ്പെടുക. പേരും കുറിയും അറിയപ്പെടാത്തവരുൾപ്പെടെ എല്ലാവരും എന്നും നിരവധിതവണ ജനകോടികളുടെ പ്രാർഥനകൾക്കും പ്രശംസക്കും അർഹരായിത്തീരുന്നു. ലോകമെങ്ങുമുള്ള മുസ്‌ലിംകൾ ദിനംപ്രതി പലതവണ പ്രാർഥിക്കുന്നു: 'ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്കും ഞങ്ങളുടെ മുമ്പെ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും പൊറുത്തുതരേണമേ! ഞങ്ങളുടെ മനസ്സുകളിൽ സത്യവിശ്വാസികളോട് ഒട്ടും വെറുപ്പ് ഉണ്ടാക്കരുതേ! ഞങ്ങളുടെ നാഥാ, നീ ഉറപ്പായും പരമകാരുണികനും കരുണാനിധിയുമല്ലോ' (ഖുർആൻ: 59:10).

സത്യപ്രബോധകർക്ക് അവരുടെ സമൂഹം പട്ടുമെത്തകൾ വിരിക്കാറില്ല. അവരുടെ കൈകളിൽ ബൊക്കകളോ കഴുത്തിൽ നോട്ടുമാലകളോ നൽകാറില്ല. കാരണം വളരെ വ്യക്തം. കല്ലും മുള്ളും കുന്നും കുഴിയും താണ്ടാതെ ഗിരിശൃംഖങ്ങളിലെത്തുകയില്ല. പ്രയാസകരമായ പാത പിന്നിടാതെ പരമോന്നതി പ്രാപിക്കുകയില്ല. മനുഷ്യന്റെ ഏറ്റവും വലിയ വിജയം ദൈവപ്രീതിയും പ്രതിഫലവും നേടലാണ്. പിന്നെ സുമനസ്സുകളിൽ സൽപേര് സമ്പാദിക്കലും നിലനിർത്തലും. അതിനാൽ മാർഗം ഏറെ പ്രയാസകരമാവുക സ്വാഭാവികം.

സത്യപാത പരുപരുത്തതാണ്. സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്നവർ എന്നും എവിടെയും മർദിക്കപ്പെടുന്നു. നന്മയുടെ പ്രചാരകർ ക്രൂരമായി പരിഹസിക്കപ്പെടുന്നു. സന്മാർഗചാരികൾ സദാ ആക്ഷേപശകാരങ്ങൾക്കിരയാകുന്നു. അധർമത്തിനെതിരെ അണിനിരക്കുന്നവർ അപൂർവം. തിന്മക്കെതിരെ അണിനിരക്കുന്നവർ ഏവരാലും അവഗണിക്കപ്പെടുന്നു. തീ തൊടാത്ത തങ്കത്തിന് തിളക്കമുണ്ടാവില്ല. പരീക്ഷണങ്ങളെ അഭിമുഖീകരിക്കാതെ പുണ്യപുരുഷന്മാർ പിറക്കില്ല. അതിനാൽ സമകാലീനസമൂഹത്തിൽ പരാജയപ്പെടുന്നവരും പ്രയാസപ്പെടുന്നവരും യഥാർഥത്തിൽ നിർഭാഗ്യവാന്മാരോ തോൽക്കുന്നവരോ അല്ല, ഭൂമിയിൽപോലും. പരലോകത്ത് വിജയം വരിക്കുന്നവരോ അവർ മാത്രവും.

വേദവാക്യങ്ങൾ വിളംബരം ചെയ്യുന്നതും അതുതന്നെ: "ഇത് സകലജനത്തോടുമുള്ള വിളംബരമാണ്. ദൈവഭക്തർക്കുള്ള മാർഗദർശനവും സദുപദേശവും. നിങ്ങൾ ദുർബലരോ ദുഃഖിതരോ ആവരുത്. നിങ്ങൾ തന്നെയാണ് അത്യുന്നതർ. നിങ്ങൾ സത്യവിശ്വാസികളെങ്കിൽ" (ഖുർആൻ: 3: 138,139).

"പ്രതാപമൊക്കെയും അല്ലാഹുവിനും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമാണ്. പക്ഷേ, കപടവിശ്വാസികൾ അതറിയുന്നില്ല." (ഖുർആൻ: 63:8)

"കാലം സാക്ഷി. തീർച്ചയായും മനുഷ്യരെല്ലാം നഷ്ടത്തിലാണ്. സത്യവിശ്വാസം സ്വീകരിച്ചവരും സൽക്കർമങ്ങൾ പ്രവർത്തിച്ചവരും സത്യം സ്വീകരിക്കാനും ക്ഷമപാലിക്കാനും പരസ്പരം ഉപദേശിച്ചവരുമൊഴികെ" (103:1–3). ■